**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 170** **23-01-2025 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിലെ ഡി-അഡിക്ഷൻ സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ ഡി-അഡിക്ഷൻ സെന്ററിന്റെ പ്രവർത്തനം നടക്കുന്നുണ്ടോ; | (എ) | തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള സൈക്യാടിസ്റ്റിന്റെ സേവനം ഉപയോഗപ്പെടുത്തി ഒപിയിൽ വരുന്ന, ആവശ്യമുള്ള രോഗികൾക്ക്, കൗൺസിലിംഗ്, മരുന്ന് തുടങ്ങി ഡി-അഡിക്ഷനുമായി ബന്ധപ്പെട്ട ചികിത്സ നൽകി വരുന്നുണ്ട്. |
| (ബി) | ഡി-അഡിക്ഷൻ സെന്ററിന്റെ പ്രവർത്തനം നടക്കുന്നുണ്ടെങ്കിൽ അവിടുത്തെ നിലവിലെ ജീവനക്കാരുടെ എണ്ണവും അവരുടെ തസ്തികകളും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ; | (ബി) | ഡി-അഡിക്ഷനുമായി ബന്ധപ്പെട്ട ചികിത്സ നൽകുന്നതിലേയ്ക്കായി ഒരു ജൂനിയർ കൺസൾട്ടന്റ് (സൈക്യാടി) തസ്തിക മാത്രമാണ് നിലവിലുള്ളത്. |
| (സി) | ഡി-അഡിക്ഷൻ സെന്റർ പ്രവർത്തിക്കുന്നില്ലെങ്കിൽ പ്രവർത്തിക്കുവാൻ ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | തിരൂരങ്ങാടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഡി-അഡിക്ഷൻ സെന്റർ പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്ന കാര്യം വകുപ്പ് തലത്തിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ